ശ്രീമതി സുശീലാഗോപാലൻ : അങ്ങനെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയാണ് പതിവ്. അവിടെനിന്നും അനുവാദം ലഭിക്കുന്ന മുറയ്ക്ക് കൊടുക്കും.

സംസ്ഥാനത്തെ റോഡ് വികസനത്തിന് നടപടി

5 (*96) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് വികസനം, നിർമ്മാണം, അറ്റകുറ്റപ്പണി ചെയ്തുതീർക്കൽ എന്നിവ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യങ്ങളിൽ എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയോ ; പ്രസ്തുത നിർദ്ദേശങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ പ്രധാന റോഡുകളിലും ഹൈവേകളിലും അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഡിസംബർ 31-നകം എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ഹൈവേകളും പ്രധാന റോഡുകളുമാണ് ഇപ്രകാരം സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ഒരു ദിവസം അഞ്ചു കിലോമീറ്റർ നീളത്തിൽ റബ്ബർ ചേർത്ത ടാർ മിശ്രിതം ഉപയോഗിച്ചുള്ള റോഡ് ടാർ ചെയ്യൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഓടകൾ നിർമ്മിച്ച് വെള്ളമൊഴുക്കാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും, വെള്ളം വാർന്നുപോകാത്ത രീതിയിലുള്ള മതിൽ കെട്ടൽ, സ്ഥലം നികത്തൽ എന്നിവ നിരോധിക്കാനും ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി നിയമനിർമ്മാണം ആവശ്യമായി വരുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ റോഡ് വികസനം, നിർമ്മാണം, അറ്റകുറ്റപ്പണി ചെയ്യൽ എന്നിവ പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഇതിനായി സംസ്ഥാനത്ത് ഒരു ഉന്നതതല സംവിധാനം രൂപീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) ചീഫ് എൻജിനീയർ ബഡ്ജറ്റ് യോഗങ്ങൾ വിളിച്ച് ഓരോ പണിയുടേയും പുരോഗതി വിശദമായി അവലോകനം ചെയ്യുന്നുണ്ട്; പണി ത്വരിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്.

(സി) റോഡുകളിലെ കുഴികളടച്ച് ഗതാഗത യോഗ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുകയും, നിന്യൂവൽ പ്രോഗ്രാം, സ്പെഷ്യൽ റിപ്പയർ, പാച്ച്വർക്ക്, റോഡ് സേഫ്റ്റി, വെള്ളപ്പൊക്കകെടുതികൾ തുടങ്ങിയ ഹെഡ്ഡുകളിൽ പരമാവധി ജോലികൾക്ക് അനുമതി നൽകുകയും അറേഞ്ചു ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ മിക്കവാറും എല്ലാ പ്രധാനപ്പെട്ട റോഡുകളും ദേശീയ പാതകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(ഇ) കോട്ടയം-നാഗമ്പടം റോഡിൽ പരീക്ഷണാർത്ഥം ഒരു കിലോമീറ്റർ നീളത്തിൽ റബ്ബറൈസ്ഡ് ടാർ ഉപയോഗിച്ചിട്ടുണ്ട്.

(എഫ്) റോഡു സംരക്ഷണത്തിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്.

(ജി) ഗുണനിവാരം പരിശോധിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ചുമതലയിൽ രണ്ട് ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറും ഗുണപരിശോധനകൾ നടത്തുന്നുണ്ട്. ഇതിനു പുറമെ മറ്റൊരു സംവിധാനത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. വി. കെ. ചന്ദ്രൻ : നമ്മുടെ സംസ്ഥാനത്ത് റോഡുകളുടെ ആയുഷ്ക്കാലം കുറഞ്ഞുവരികയാണ്. അതിനു കാരണം ഓടകൾ വെട്ടിക്കുറയ്ക്കുന്ന ഒരു പ്രവർത്തനമാണ് ഔദ്യോഗികഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വർഷകാലത്ത് ഓടകളിൽനിന്നും വെള്ളം കയറി റോഡ് നശിക്കുകയും ചെയ്യുന്നു. ഇതിനൊരു പരിഹാരം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : റോഡിന്റെ സർഫസ് നന്നാക്കുന്നതിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ 80 ശതമാനം തുകയും ഓടകൾക്കായി ചെലവായിപ്പോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനാണ് അത്തരമൊരു നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ശ്രീ. വി. കെ. ചന്ദ്രൻ : നമ്മുടെ സംസ്ഥാനത്ത് റോഡുകളുടെ സുരക്ഷിതത്വം നിലനിർത്തിയിരുന്നത് എൻ.എം.ആർ. തൊഴിലാളികളാണ്. അവർ ഇന്നില്ല. എല്ലാ ഡിവിഷനുകളിലും അവരെ വീണ്ടും നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇനിയുള്ള കുറഞ്ഞ സമയംകൊണ്ട് അതിന് കഴിയില്ല.

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : ലോകബാങ്കിന്റെ സഹായത്തോടുകൂടി കേരളത്തിന്റെ പ്രധാനപ്പെട്ട റോഡുകൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ പണി വളരെ വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : 2100 കോടി രൂപയ്ക്കുള്ള വർക്കുകളാണ് ഏറ്റെടുത്തിട്ടുള്ളത്. 1800 കി.മീ. റോഡാണ് ആദ്യഘട്ടത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ആഗസ്റ്റ് മാസത്തോടുകൂടി ഫണ്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. നാലുകൊല്ലക്കാലത്തെ പരിശ്രമഫലമായിട്ടാണ് ഇതിനുള്ള അംഗീകാരം കിട്ടിയത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ എസ്റ്റേറ്റുകൾ നേരിടുന്ന പ്രതിസന്ധി

6 (*93) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകൾ വൻ പ്രതിസന്ധി നേരിടുകയാണെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പ്രതിസന്ധിയുണ്ടാക്കുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വിശദീകരിക്കാമോ ;

(സി) ചെറുകിട വ്യവസായങ്ങൾക്ക് സബ്സിഡി നൽകുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തുകയും ചെയ്യുന്നതായ സാഹചര്യം സംജാതമായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) ഉണ്ട്. ഇതിന് പ്രധാന കാരണം സബ്സിഡിക്കുള്ള അപേക്ഷകരുടെ ബാഹുല്യമാണ്. ഓരോ വർഷവും ഈ ഇനത്തിൽ വകയിരുത്തുന്ന തുകയെക്കാൾ വളരെ വലുതാണ് യഥാർത്ഥത്തിൽ സബ്സിഡിക്കുള്ള ഡിമാന്റ്. എങ്കിലും തുകയുടെ ലഭ്യതയനുസരിച്ച് വലിയ കാലതാമസമില്ലാതെ മുൻഗണനാക്രമത്തിൽ പ്രസ്തുത തുക കൊടുത്തുതീർക്കാൻ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly